# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5241** 15-11-2019-ൽ മറുപടി നൽകേണ്ടത്

**<u>കോളേജ് കാമ്പസ്സുകളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന് പെരുമാറ്റച്ചട്ടം</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. അനൂപ് ജേക്കബ്** | **ഡോ. കെ .ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കോളേജ് കാമ്പസ്സുകളിൽ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനത്തിനായി പെരുമാറ്റച്ചട്ടം കൊണ്ടു വരുവാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി യൂണിയനുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് "2019-ലെ കേരള വിദ്യാർത്ഥി യൂണിയനുകളും വിദ്യാർത്ഥി പരാതി പരിഹാര അതോറിറ്റിയും ആക്ട്" എന്ന പേരിൽ ഒരു ബില്ല് അവതരിപ്പിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരത്തോടു കൂടി ബഹു. ഗവർണ്ണർ അനുമതി നൽകിയിട്ടുണ്ട്. |
| ബി) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ പ്രശ്നങ്ങളിൽ അവിടുത്തെ അദ്ധ്യാപകർക്കും പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത കോളേജിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ച സംഭവത്തെ തുടർന്ന് അതേപ്പറ്റി അന്വേഷിച്ച കൊളേജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | സി) | കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച വകുപ്പുതല അന്വേഷണ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |
| ഡി) | പ്രസ്തുത കോളേജിലുണ്ടായ കത്തിക്കുത്ത് വിവാദത്തെ തുടർന്ന് കോളേജിലെ യൂണിയൻ ഓഫീസ് പൂട്ടിയിരുന്നോ; അത് വീണ്ടും കോളേജ് യൂണിയൻ പ്രവർത്തനത്തിനായി വിട്ടുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | ഡി) | യൂണിവേഴ്സിറ്റി കോളേജിൽ ഉണ്ടായ സംഘർഷത്തെത്തുടർന്ന് കോളേജ് യൂണിയൻ ഓഫീസ് പൂട്ടിയിരുന്നു. അത് വീണ്ടും കോളേജ് യൂണിയൻ പ്രവർത്തനത്തിനായി വിട്ടുകൊടുത്തിട്ടില്ല. |
| ഇ) | യൂണിവേഴ്സിറ്റി കോളേജിൽ കൃത്യമായി ക്ലാസ്സെടുക്കാതെ വർഷങ്ങളായി കോളേജിൽ തുടരുന്ന അദ്ധ്യാപകരുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എതിരെയെന്ന് വ്യക്തമാക്കാമോ? | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**